I/126027/2022

**കൊല്ലം ജില്ലാ കളക്ടറുടെ നടപടിക്രമം**

**(ഹാജർ :അഫ്സാനപർവീൺ ഐ.എ.എസ്)**

DCKLM 5387/2022-L15 **തീയതി. 25-11-2022**

വിഷയം - ഭൂമി കൈമാറ്റം-ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നത് - ജലവിഭവ വകുപ്പിന് സർക്കാർ പുറമ്പോക്ക് ഭൂമിയുടെ മുൻകൂർ ഉപയോഗാനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം- (1) 5. 3.22 ലെ വാട്ടർ അതോറിറ്റി , അടൂർ പ്രോജക്ട് ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ PDA/DB -140/2020 നം കത്ത്.

(2) 23.04.22 ലെ ഏരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എ -6923/2021 നം കത്ത്.

(3) 28.04.22 ലെ കേരളാ വാട്ടർ അതോറിറ്റി മെമ്പർ സെക്രട്ടറി, DWSM ,കൊല്ലം & എക്സിക്യൂട്ടീവ് എഞ്ചിനിയർ, പി. എച്ച് ഡിവിഷൻ , കൊല്ലത്തിന്റെ DB1-PHDNK/JJM /G/1381/2020 നം കത്ത്.

(4) 17.06.22 ലെ റവന്യൂ (എൽ) വകുപ്പിന്റെ സ.ഉ (കൈ) 16/1/2022/RD നം ഉത്തരവ്.

(5) 11.07.2022 ലെ ഈ ഓഫീസിലെ DCKLM/7591/2022/L 2 നമ്പർ നടപടിക്രമം

(6) 22.07.2022 ലെ ഈ ഓഫീസിലെ DCKLM/7591/2022/L 2 നമ്പർ നടപടിക്രമം

(7) 14.11.22 ലെ പുനലൂർ തഹസിൽദാരുടെ എ5/4943/2022 നം കത്ത്.

-----------------------------------------------------------------------------------

ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന് ഭൂമി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം ഏരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷ സമർപ്പിച്ചിരുന്നു. ടി പദ്ധതി ജില്ലയിലെ വിവിധ വില്ലേജുകളിൽ നടപ്പിലാക്കുന്നതിനായി സർക്കാർ പുറമ്പോക്ക് പാട്ടവ്യവസ്ഥയിൽ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം കേരള വാട്ടർ അതോറിറ്റി , അടൂർ പ്രോജക്ട് ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനിയർ, പരാമർശം (3) പ്രകാരം കേരളാ വാട്ടർ അതോറിറ്റി, മെമ്പർ സെക്രട്ടറി , DWSM ,കൊല്ലം & എക്സിക്യൂട്ടീവ് എഞ്ചിനിയർ, പി. എച്ച് ഡിവിഷൻ , കൊല്ലം എന്നിവർ അർത്ഥനാപത്രിക സമർപ്പിച്ചിട്ടുണ്ട്.

ജൽജീവൻ മിഷൻ സംസ്ഥാന സർക്കാരിന്റെ മുൻഗണനാ വിഭാഗത്തിലുള്ള പദ്ധതിയായതിനാലും , കുടിവെള്ള ലഭ്യത നൽകുന്നതിനുള്ള പദ്ധതിയായതിനാലും ജൽജീവൻ മിഷന്റെ പദ്ധതികൾക്കായി അനുവദനീയമായ പരിധിയിൽ നിന്നുകൊണ്ടും, സർക്കാർ പുറമ്പോക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലിനിർത്തിക്കൊണ്ടും, ആവശ്യമായ ഭൂമിയുടെ ഉപയോഗാനുമതി വാട്ടർ അതോറിറ്റിക്ക് നൽകുവാൻ നിലവിലുള്ള നിയമത്തിൽ ഇളവ് നൽകി കൊണ്ട് ജില്ലാ കളക്ടർമാർക്ക് അനുവാദം നൽകി പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 5,6 പ്രകാരം ജൽജീവൻ മിഷൻ പദ്ധതിക്കായി 12 ഭൂമികളുടെ ഉപയോഗാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

ഏരൂർ ഗ്രാമപഞ്ചായത്തിൽ, ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന് പുനലൂർ താലൂക്കിൽ ആയിരനല്ലൂർ വില്ലേജിൽ സർവ്വെ നം 822/1 ൽ പെട്ട കല്ലടയാറിന്റെ വടക്കുവശവും, ഇടമൺ - ആയിരനല്ലൂർ പാലത്തിനോട് ചേർന്ന് വരുന്നതുമായ സ്ഥലത്ത് നിന്നും റോഡ് വികസനത്തിന് 10 സെന്റ് മാറ്റിയ ശേഷം 10 സെന്റ് അനുവദിക്കാവുന്നതാണെന്ന് പുനലൂർ തഹസിൽദാർ , അനുബന്ധ സ്കെച്ച് സഹിതം പരാമർശം (7) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവാകുന്നു.

## <u>ഉത്തരവ്</u>

പുനലൂർ താലൂക്കിൽ ആയിരനല്ലൂർ വില്ലേജിൽ സർവ്വെ നം 822/1 ൽ പെട്ട കല്ലടയാറിന്റെ വടക്കുവശവും, ഇടമൺ - ആയിരനല്ലൂർ പാലത്തിനോട് ചേർന്ന് വരുന്നതുമായ സ്ഥലത്ത് നിന്നും റോഡ് വികസനത്തിന് 10 സെന്റ് മാറ്റിയ ശേഷം 10 സെന്റ് സർക്കാർ ഭൂമി , ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ടും, ജൽജീവൻ മിഷൻ പദ്ധതിയ്ക്ക് വേണ്ടി ഭൂമിയുടെ ഉപയോഗാനുമതി കേരളാ വാട്ടർ അതോറിറ്റിക്ക് അനുവദിച്ച് കൊണ്ടും ഉത്തരവാകുന്നു.

Scanned with OKEN Scanner

I/126027/2022

**<u>നിബന്ധനകൾ</u>**

1. പ്രസ്തുത ഭൂമി അനുവദിച്ചിരിക്കുന്ന ആവശ്യത്തിന്, ആവശ്യമായ ഭൂമി മാത്രം ഉപയോഗിക്കുവാൻ പാടുള്ളൂ.

2 . ഉപയോഗാനുമതി നൽകുന്ന ഭൂമി കയ്യേറ്റങ്ങൾ ഇല്ലാതെയും, അന്യാധീനപ്പെടുത്താതെയും സംരക്ഷിക്കേണ്ടതാണ് ഏതെങ്കിലും തരത്തിൽ ഉണ്ടാകുന്ന കയ്യേറ്റങ്ങൾക്കും അന്യാധീനപ്പെടുത്തലിനും ഭൂമി അധീനതയിൽ വയ്ക്കുന്ന ഉദ്യോഗസ്ഥൻ ഉത്തരവാദിയാകുന്നതാണ്.

3. പ്രസ്തുത ഭൂമി യാതൊരു ധനകാര്യസ്ഥാപനങ്ങളിലും പണയപ്പെടുത്തുവാൻ പാടില്ല

4. ഏതു സാഹചര്യത്തിലും റവന്യൂ വകുപ്പ് ആവശ്യപ്പെടുന്ന പക്ഷം സ്ഥലം നിരുപാധികം ഒഴിഞ്ഞ് നൽകേണ്ടതാണ്

5 . പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഈ ഉത്തരവ് തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ ആരംഭിക്കേണ്ടതാണ്.

6 . നിബന്ധനകളിൽ ഏതെങ്കിലും ലംഘിച്ചാൽ പ്രസ്തുത ഭൂമി തിരികെ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുന്നതും 1957 ലെ കേരള ഭൂസംരക്ഷണ നിയമവും അനുബന്ധ ചട്ടങ്ങളും പ്രാവർത്തികമാക്കുന്നതുമാണ്.

Signed by
Afsana Perween I A S
Date: 25-11-2022 13:20:34
ജില്ലാ കളക്ടർ

സ്വീകർത്താവ്

1. മെമ്പർ സെക്രട്ടറി , DWSM ,കൊല്ലം & എക്സിക്യൂട്ടീവ് എഞ്ചിനിയർ, പി. എച്ച് ഡിവിഷൻ , കൊല്ലം
2. തഹസിൽദാർ, പുനലൂർ
3. സെക്രട്ടറി, ഏരൂർ ഗ്രാമപഞ്ചായത്ത്

പകർപ്പ് :-1. അഡീ.ചീഫ് സെക്രട്ടറി, റവന്യൂ (എൽ) വകുപ്പ്, TVM ((ആമുഖ കത്ത് സഹിതം)

2. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

3. ഡിസ്ട്രിക് ഡവലപ്മെന്റ് കമ്മീഷണർ, കൊല്ലം

4. സബ് കളക്ടർ , കൊല്ലം

5. ജില്ലാ കോർഡിനേറ്റർ, ശുചിത്വമിഷൻ, കൊല്ലം

Scanned with OKEN Scanner